# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2762

06.11.2019-ലെ മറുപടി

## ഓച്ചിറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ഓച്ചിറ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന് ഇടയ്ക്കിടെ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്; വൈദ്യുതി വിതരണത്തിൽ ഉണ്ടാകുന്ന തടസ്സം മൂലമാണ് കുടിവെള്ളവിതരണം തടസ്സപ്പെടുന്നത്. |
| (ബി) | ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും ആയതിനു പരിഹാരമുണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ; | (ബി) | ഓച്ചിറ കുടിവെള്ള പദ്ധതിയിൽ അച്ചൻകോവിലാറിലെ മാവേലിക്കര, കണ്ടിയൂർ കടവിലാണ് പ്രധാന പമ്പിംഗ് (റാ വാട്ടർ) സ്റ്റേഷൻ. ഇവിടെ നിന്നും ശേഖരിക്കുന്ന ജലം ഓച്ചിറയിൽ സ്ഥാപിച്ചിട്ടുള്ള ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് കരുനാഗപ്പള്ളി താച്ചയിൽ മുക്കിലുള്ള ബൂസ്റ്റർ സ്റ്റേഷൻ വഴി പമ്പ് ചെയ്താണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. ടി മൂന്ന് സ്ഥലങ്ങളിലും ഒരേപോലെ വൈദ്യുതി തടസ്സമില്ലാതെ ലഭ്യമായാൽ മാത്രമേ കുടിവെള്ള വിതരണം സുഗമമായി നടക്കുകയുള്ളൂ. മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു സ്ഥലത്ത് വൈദ്യുതി വിതരണം തടസ്സപ്പെടുകയാണെങ്കിൽ ഈ പദ്ധതിയിൽനിന്നുള്ള കുടിവെള്ളവിതരണം പൂർണ്ണമായും നിലയ്ക്കും. ഇങ്ങനെ വൈദ്യുതി മുടങ്ങുന്നത് പരിഹരിക്കുന്നതിനായി കണ്ടിയൂർക്കടവിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് KSEB Ltd-ൽ നിന്നും ഒരു എക്സ്ക്ലൂസീവ് ഫീഡർ ലഭ്യമാക്കിയാൽ മതിയാകും. ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ വേണ്ടി ഹരിപ്പാട് KSEB ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് കേരള വാട്ടർ അതോറിറ്റി കത്ത് നൽകിയിട്ടുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥലത്ത് കുടിവെള്ളമെത്തിക്കുന്ന മാവേലിക്കരയിലുള്ള പമ്പിംഗ് സ്റ്റേഷനിൽ നിന്ന് എല്ലാ സമയവും പമ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (സി) | മേൽ പ്രസ്താവിച്ച കാര്യങ്ങൾ പ്രവർത്തികമാക്കുന്ന മുറയ്ക്ക് മാവേലിക്കര പമ്പിംഗ് സ്റ്റേഷനിൽ നിന്നുമുള്ള പമ്പിംഗ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ 1, 2, 3 വാർഡുകളിലേയ്ക്ക് കുഴൽക്കിണർ വഴിയും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ടി വാർഡുകളിലേയ്ക്ക് ഓച്ചിറ ശുദ്ധീകരണശാലയിൽ നിന്നും നേരിട്ട് ജലം എത്തിക്കുന്നതിന് 7.24 കോടി രൂപ ചെലവുവരുന്ന ഒരു പ്രവൃത്തിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി 1.10.2019-ൽ ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ഡി) | ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളുള്ള പ്രദേശത്ത് എല്ലാ സമയത്തും കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | വൈദ്യുതി തടസ്സം കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുന്ന അപാകത പരിഹരിക്കുന്നതിനായി കണ്ടിയൂർക്കടവിലെ പമ്പിഗ് സ്റ്റേഷനിലേയ്ക്ക് KSEB യിൽ നിന്നും എക്സ്ക്ലൂസീവ് ഫീഡറിനുള്ള എസ്റ്റിമേറ്റ് ലഭിയ്ക്കുകയും ഫിഷറീസ് വകുപ്പിന്റെ 7.24 കോടി രൂപയുടെ പ്രവൃത്തിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതോടു കൂടി ടി വാർഡുകളിലെ ജല ക്ഷാമം പരിഹരിക്കാനാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**